പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, ഹയർസെക്കന്ററി വിഭാഗം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തിനഗർ, തിരുവനന്തപുരം
ഫോൺ: 0471-2323198
ഇ-മെയിൽ: jdacad@gmail.com

നം.എസിഡി എസ്.പി.സി(4)/113338/2018/എച്ച്.എസ്.ഇ തീയതി. 13/02/2020

# സർക്കുലർ

**വിഷയം-** പൊതുവിദ്യാഭ്യാസ വകുപ്പ് - ഹ.സെ.വി. - ഭരണഘടനാ പഠനക്ലാസ് - അവശേഷിക്കുന്ന ക്ലാസുകൾ എടുത്തു തീർക്കേണ്ടത് /അക്കൗണ്ട് സെറ്റിൽ ചെയ്യുന്നതിനായി വിശദാംശങ്ങൾ അടിയന്തിരമായി ലഭ്യമാക്കേണ്ടത് - സംബന്ധിച്ച്.

**സൂചന-** 1) 16/11/2018, 06/12/2018, 01/01/2019, 17/01/2019, 22/01/2019, 24/05/2019, 14/10/2019 എന്നീ തീയതികളിലെ 3001/സി.പി.എസ്.ടി.എ-3/2017/ നി.സെ. നമ്പർ കത്തുകൾ.

2) 01/12/2018, 13/12/2018, 18/01/2019, 30/01/2019, 15/02/2019, 19/03/2019, 28/10/2019 എന്നീ തീയതികളിലെ ഇതേ നമ്പർ സർക്കുലറുകൾ.

3) 01/06/2019 തീയതിയിലെ 3531792/പി.എസ്.1/2019/പൊ.വി.വ. നമ്പർ സർക്കാർ കത്ത്.

2018-19 അദ്ധ്യയന വർഷത്തിൽ ആയിരം ഭരണഘടനാ ക്ലാസ്സുകൾ നൽകുക എന്ന പരിപാടിയുടെ ഭാഗമായി കേരള നിയമസഭ, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ ഹയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകരിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺസിനായി വിവിധഘട്ടങ്ങളിലായി പരിശീലനം നൽകിയിട്ടുള്ളതാണ്. ഇത്തരത്തിൽ പരിശീലനം ലഭിച്ച എല്ലാ റിസോഴ്സ് അദ്ധ്യാപകരും അവരവർക്ക് നിശ്ചയിച്ചിട്ടുള്ള 3 സ്കൂളുകളിൽ വീതം വിദ്യാർത്ഥികൾക്ക് ഭരണഘടന ക്ലാസുകൾ നൽകുവാനായി സൂചന (2) ലെ സർക്കുലറുകൾ മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്.

പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് ഭരണഘടനാ ക്ലാസുകൾ നയിച്ച (അദ്ധ്യാപകർക്ക് പരിശീലനം നൽകിയതും വിദ്യാർത്ഥികൾക്ക് സ്കൂളുകളിൽ വെച്ച് ക്ലാസുകൾ നൽകിയതും) എല്ലാ ഹയർ സെക്കൻഡറി അദ്ധ്യാപകർക്കുമുള്ള ഓണറേറിയം മുൻവർഷത്തെ നിരക്കിൽ ടി. അദ്ധ്യാപകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കേരള നിയമസഭയിൽ നിന്നും (പാർലമെന്ററി പഠന പരിശീലന കേന്ദ്രം) കൈമാറിയിട്ടുള്ളതാണ്. എന്നാൽ ചില അദ്ധ്യാപകർക്കുള്ള ഓണറേറിയം, വിശദാംശങ്ങൾ ലഭ്യമാകാത്തതിനാൽ കൈമാറാൻ കഴിഞ്ഞിട്ടില്ലെന്ന് കേരള നിയമസഭയിൽ നിന്നും അറിയിച്ചിട്ടുണ്ട്.

2020 മാർച്ചിനു മുമ്പായി പ്രസ്തുത അക്കൗണ്ട് സെറ്റിൽ ചെയ്യേണ്ടതുണ്ട്. ആയതിനാൽ പരിശീലനം നൽകിയതും ക്ലാസുകൾ കൈകാര്യം ചെയ്തിട്ടുള്ളതുമായ മുഴുവൻ അദ്ധ്യാപകരും അവരവരുടെ ബാങ്ക് അക്കൗണ്ട് പാസ്ബുക്കിന്റെ പകർപ്പും സാക്ഷ്യപത്രങ്ങളും സഹിതം cpsta@niyamasabha.nic.in , jdacad@gmail.com എന്നീ ഇ-മെയിൽ വിലാസങ്ങളിൽ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

NB: വിശദാംശങ്ങൾ മാർച്ച് മാസത്തിനു മുമ്പായി ലഭ്യമാക്കാത്തപക്ഷം അക്കൗണ്ട് സെറ്റിൽ ചെയ്യുന്നതിന് സാധിക്കുന്നതല്ല.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ**
**(അക്കാഡമിക്)**

| അദ്ധ്യാപകന്റെ പേര്, സ്കൂൾ, മൊബൈൽ നമ്പർ | ഭരണഘടനാ ക്ലാസുകൾ നയിച്ച സ്കൂളുകൾ | ബാങ്ക് അക്കൗണ്ട് നമ്പർ, ബാങ്കിന്റെ പേര്, ബ്രാഞ്ച്, ഐ.എഫ്.എസ്.കോഡ് |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |